മി. സ്പീക്കർ: അങ്ങനെ പറഞ്ഞുകൂടാ. അദ്ദേഹത്തിന്റെ അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ടി. എ. മജീദ്: കേരളത്തിനു് സ്വയംനിർണ്ണയാവകാശവും സ്വാതന്ത്ര്യവും വേണമെന്ന പറയുന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നതു് എന്താണെന്നു് വിശദീകരിക്കാമോ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: ഞാൻ ഉദ്ദേശിക്കുന്നതും എന്റെ പാർട്ടിയുടെ നയപരിപാടികളും, ഈ സഭ്യേ ചോദ്യംചെയ്യാൻ സാധിക്കാത്തവിധം അതീതമായ ലക്ഷ്യങ്ങളുമാണു്.

ശ്രീ. പി. പി. ജോജ്ജ്: ബഹുമാനപ്പെട്ട മന്ത്രിയുടെ അതേ പ്രസംഗത്തിൽ ദരിദ്രരെ അടിച്ചമർത്താൻ നോക്കുന്ന ധനികവർഗ്ഗത്തിന്റെകൂടെ നിൽക്കുന്നവരാണു് ഉദ്യോഗസ്ഥന്മാരെന്നു പറഞ്ഞുകാണുന്നു. അതു് ശരിയാണോ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ: ഞാൻ അങ്ങനെയ്ല്ല പ്രസംഗിച്ചതു്. ദരിദ്രരെ അടിച്ചമർത്താൻ നിരന്തരമായി പ്രവർത്തിക്കുന്ന ജന്മിമുതലാളിത്തത്തിന്റെ കൂട്ടാളികളാണു് കാൺഗ്രസ്സുകാരെന്നു പറഞ്ഞിട്ടുണ്ടു്.

നേഴ്സിംഗ് അദ്ധ്യാപകർ

* 144 (529) ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സിംഗ് അദ്ധ്യാപകർക്കു് ചുരുങ്ങിയ വിദ്യാഭ്യാസയോഗ്യത നേഴ്സിംഗ് ബിരുദമായി നിശ്ചയിച്ചതു് എന്നാണു് ;

(ബി) പ്രമോഷൻ കിട്ടാത്ത ബിരുദധാരികൾ എത്രപേരുണ്ടെന്നു പറയാമോ ;

(സി) നിശ്ചിതയോഗ്യതയില്ലാത്തവരെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്തു് ;

(ഡി) 1963-നുശേഷം എത്ര ഡിപ്ലോമാക്കാരെ സിസ്റ്റർ ട്യൂട്ടർ, മിഡ്വൈഫറി ട്യൂട്ടർ, പബ്ലിക്കു് ഹെൽത്തു് ട്യൂട്ടർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ടു് ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): (എ) നഴ്സിംഗ് ബിരുദം ചുരുങ്ങിയ വിദ്യാഭ്യാസയോഗ്യതയായി അംഗീകരിച്ചിട്ടില്ല. നഴ്സിംഗ് ബിരുദവും ബിരുദാനന്തര ക്വാളിഫിക്കേഷനും അതായതു് ബി. എസ്സു്. സി. നഴ്സിംഗും പോസ്റ്റ് ഗ്രേഡുവേറ്റു് ക്വാളിഫിക്കേഷനുമാണു് ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യത. അതു് നിശ്ചയിച്ചിട്ടുള്ളതു് 6-5-1963 മുതൽക്കാണു്.

(ബി) പോസ്റ്റും ഗ്രാഡുവേറ്റും ക്വാളിഫിക്കേഷനില്ലാത്ത ബിരുദധാരികൾ പ്രമോഷനു് അർഹരല്ലാത്തതുകൊണ്ടു് ചോദ്യം ഉദിക്കുന്നില്ല.

(സി) നിശ്ചിത യോഗ്യതയുള്ളവരുടെ അഭാവത്തിൽ ബിരുദധാരികളേയും ഡിപ്ലോമാക്കാരേയും നിയമിച്ചിട്ടുണ്ടു്.

(ഡി) 7 ഡിപ്ലോമാക്കാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താൽക്കാലികാടിസ്ഥാനത്തിൽ ഡിപ്ലോമാക്കാരെ നിയമിച്ചിട്ടുള്ളതു് യോഗ്യതയുള്ളവരെ പുറത്തുനിറുത്തിക്കൊണ്ടാണെന്നുള്ളതിനെ പരിഗണിച്ചു് ഡിഗ്രിക്കാർക്കു് പ്രമോഷൻ കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: യോഗ്യതയുള്ളവരുടെ അഭാവത്തിലാണു് ഡിപ്ലോമാക്കാർക്കു് പ്രമോഷൻ നൽകിയിട്ടുള്ളതു്. യോഗ്യതയുള്ളവർ വരുന്നതനുസരിച്ചു് റീപ്ലേസു് ചെയ്യുന്നതായിരിക്കും.

മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ

* 145 (530) ശ്രീ. പി. പി. ജോർജ്ജു്:
,, എൻ. കെ. ബാലകൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി 1969–70–ലെ ബഡ്ജറ്റിൽ എത്ര തുക നിശ്ചയിച്ചു;

(ബി) ഈ ഇനത്തിൽ ഇതുവരെ എത്ര ചെലവായിട്ടുണ്ടു്;

(സി) ഈ വർഷത്തിന്റെ ബാക്കി കാലത്തേക്കു് മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ സ്തംഭിക്കാതിരിക്കാൻ എന്തെല്ലാം പരിപാടികളാണു് ഗവണ്മെന്റു് ആവിഷ്കരിച്ചിട്ടുള്ളതു്;

(ഡി) ഇതേവരെ തുക അനുവദിക്കാത്തതിനാൽ എറെറടുത്ത പദ്ധതികൾ തുടർന്നു നടത്തുവാനും പുതിയവ ആരംഭിക്കുവാനും സാധിക്കാതെവന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്): (എ) (ബി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 1 വർക്കു്, ക്ലാസ്സു് 2 വർക്കു്, ലിഫ്റ്റു് ഇറിഗേഷൻ വർക്കു് എന്നിവക്കു് മൊത്തമായി 86,20,000 രൂപാ 1969–70–ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ക്ലാസ്സു് 2 മൈനർ ഇറിഗേഷൻ പദ്ധതികൾക്കായി 6–1969 വരെ 48,73,287 രൂപാ ചെലവാക്കികഴിഞ്ഞിട്ടുണ്ടു്. ഇതു് ഈ വർക്കുകൾക്കു് അനുവദിച്ചിട്ടുള്ളതിൽ കൂടുതലാണു്. ഇതുകൂടാതെ ക്ലാസ്സു് 1 മൈനർ ഇറിഗേഷൻ വർക്കുകൾക്കു് 2,42,570 രൂപായും ലിഫ്റ്റു് ഇറിഗേഷൻ വർക്കുകൾക്കു് 2,40,540 രൂപായും ചെലവാക്കികഴിഞ്ഞിട്ടുണ്ടു്.

(സി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 പദ്ധതികൾക്കുവേണ്ടി കൂടുതൽ തുക അനുവദിക്കുന്നകാര്യം ഗവണ്മെന്റു് പരിഗണിച്ചുവരികയാണു്.

(ഡി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 വർക്കുകൾ പൂർത്തിയാക്കുന്നതിനു് ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. എന്നാൽ കൂടുതൽ തുക അനുവദിക്കുമ്പോൾ ഇന്നത്തെ വിഷമസ്ഥിതി മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 വർക്കുകളെ സംബന്ധിച്ചിടത്തോളം മാറുന്നതാണു്. ക്ലാസ്സു് 1 മൈനർ ഇറിഗേഷൻ വർക്കുകൾക്കും ലിഫ്റ്റു് ഇറിഗേഷൻ വർക്കുകൾക്കും ഫണ്ടിന്റെ അപര്യാപ്തത അനുഭവപ്പെട്ടിട്ടില്ല.

ശ്രീ. പി. പി. ജോർജ്ജു്: ഇതനുസരിച്ചു് ഈ സാമ്പത്തിക വർഷത്തിൽ ബാക്കി കാലത്തേക്കു് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് എത്ര ജോലി നൽകണമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കൂടുതൽ സംഖ്യ നീക്കിവയ്ക്കാൻ സാധിക്കാതെ വരുന്ന ഘട്ടത്തിലെ അതു് ആലോചിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. പി. പി. ജോർജ്ജു്: ജില്ലാ വികസനസമിതികൾ മുൻഗണന അനുസരിച്ചു് പാസാക്കികഴിഞ്ഞിട്ടുള്ള മൈനർ ഇറിഗേഷൻ പണികൾ എപ്പോൾ ആരംഭിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES, Kerala Legislative Assembly